# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 319** **29-06-2016-ൽ മറുപടിയ്ക്ക്**

## ഭാഗ്യക്കുറി വഴിയുള്ള വിഭവസമാഹരണം

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭാഗ്യക്കുറിയിൽ നിന്നുള്ള തനത് വരുമാനം പ്രതിവർഷം എത്രയാണ്; | (എ) | സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള 2015-16 സാമ്പത്തിക വർഷത്തെ തനത് വരുമാനം 6318.47 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം ഇതുവരെയുള്ള വരുമാനം (21-06-2016 വരെ) 1662.40 കോടി രൂപയാണ്. |
| (ബി) | അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ നിരോധനത്തിനു ശേഷം പ്രതിവർഷം ഭാഗ്യക്കുറി വില്പനയിൽ എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്; | (ബി) | (see table below) |

| വർഷം | ലോട്ടറിയിൽ നിന്നുള്ള വരുമാനം (കോടി രൂപയിൽ) | മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും വരുമാനത്തിൽ വന്ന വർദ്ധനവിന്റെ ശതമാനം |
|---|---|---|
| 2011-12 | 1287.22 | 131 |
| 2012-13 | 2778.80 | 116 |
| 2013-14 | 3793.84 | 37 |
| 2014-15 | 5445.84 | 44 |
| 2015-16 | 6318.47 | 16 |

| | | | |
|---|---|---|---|
| **(സി)** | ഭാഗ്യക്കുറിയിൽ നിന്നുള്ള വിഭവ സമാഹരണത്തിന് സാമൂഹികമായി എന്തെങ്കിലും ദോഷങ്ങൾ ഉള്ളതായി സർക്കാർ കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; | **(സി) & (ഡി)** | ലോട്ടറി ചൂതാട്ടത്തിന്റെ ഗണത്തിൽതന്നെ വരുന്ന ഒന്നാണ്. കൂടുതൽ അടിമപ്പെടുത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കി, സർക്കാർ നടത്തുന്ന ഭാഗ്യക്കുറികൾക്കുമാത്രമേ ന്യായീകരണമുള്ളൂ. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം ക്ഷേമ, വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു എന്നതാണ് ഇതിന്റെ ന്യായീകരണം. കൂടുതൽ അഡിക്ടീവായ സ്വഭാവങ്ങൾ ഇല്ലാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. |
| **(ഡി)** | സംസ്ഥാനത്തെ ജനങ്ങൾ ഭാഗ്യക്കുറിയുടെ ലഹരിയിൽ അടിപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; ഇത് ഭാഗ്യക്കുറി വഴിയുള്ള വിഭവസമാഹരണത്തെ ഏത് രീതിയിൽ സ്വാധീനിക്കുന്നുണ്ട്; | | |
| **(ഇ)** | ഭാഗ്യക്കുറി വഴിയുള്ള വിഭവസമാഹരണം കുറയ്ക്കുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | **(ഇ)** | ഇല്ല. |

Jeyanth

**സെക്ഷൻ ഓഫീസർ.**